## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 69** **07.02.2013-ലെ മറുപടിക്ക്**

### ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിൽ നിന്നും എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഡോക്ടർമാർക്ക്, ഗ്രാമീണ സേവനം നടപ്പിലാക്കിയിരുന്നത് ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എ) മെഡിക്കൽ കോളേജുകളിൽ നിന്നും എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം (Compulsory Rural Service) വേണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലില്ല. എന്നാൽ ഇതിന് പകരം സന്നദ്ധ ഗ്രാമീണ സേവനം (Voluntary Rural Service) നിലവിലുണ്ട്.<br>മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന ഡോക്ടർമാർക്ക് ഒരുവർഷത്തെ നിർബന്ധിത ഗ്രാമീണ സേവനം ചെയ്യണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ നിരവധിതവണ സംസ്ഥാനതല കൗൺസിലിംഗുകൾ നടത്തിയിട്ടും പല ജില്ലകളിലും ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ ക്ഷാമം അനുഭവപ്പെടുകയുണ്ടായി. നിർബന്ധിത ഗ്രാമീണ സേവനത്തെ എതിർത്തുകൊണ്ട് വിദ്യാർത്ഥി സംഘടനകളും രംഗത്തു വരികയുണ്ടായി. തന്മൂലം നിർബന്ധിത ഗ്രാമീണ സേവനം ഫലപ്രദമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്ന സാഹചര്യത്തിൽ സർക്കാർ ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനകളുമായി നിരവധിതവണ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത ഗ്രാമീണ സേവന വ്യവസ്ഥയ്ക്ക് ബദലായി സന്നദ്ധ ഗ്രാമീണ സേവനം എന്ന പുതിയ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. |

(ബി) ഗ്രാമീണ മേഖലകളിലെ ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) സ്വമേധയാ ഗ്രാമീണ മേഖലയിൽ സേവനം അനുഷ്ഠിക്കാൻ തയ്യാറാവുന്ന ഡോക്ടർമാർക്ക് എൻ.ആർ.എച്ച്.എം. വഴി കരാറടിസ്ഥാനത്തിൽ നിയമനം നൽകി വരുന്നു. ഈ പദ്ധതിക്ക് ഡോക്ടർമാരുടെ ഭാഗത്തുനിന്നും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. ദുർഘട ഗ്രാമീണ മേഖലകളിൽ ജോലി ചെയ്യുന്നതിന് ഡോക്ടർമാർക്ക് അധിക അലവൻസ് അനുവദിച്ച് പ്രോത്സാഹനം നൽകി വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ